# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

***പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം-*** 686560

***ഫോൺ:*** 0481-2733370


## വാർത്താക്കുറിപ്പ്

**2025 ഓഗസ്റ്റ് 1**

---

## കാത്തിരിപ്പ് ഇനി പഴങ്കഥ;പിജി ഫലപ്രഖ്യാപനം അതിവേഗം പൂർത്തീകരിച്ച് എം.ജി സർവകലാശാല

*ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളുടെ ഫലപ്രഖ്യാപനത്തിലെ കാലതാമസം മൂലം വിദ്യാർഥികൾ നേരിട്ടിരുന്ന ബുദ്ധിമുട്ടുകൾ പഴങ്കഥയാകുന്നു. അഫിലിയേറ്റഡ് കോളജുകളിലെ എല്ലാ പിജി പ്രോഗ്രാമുകളുടെയും ഫലം മഹാത്മാ ഗാന്ധി സർവകലാശാല ജൂലൈ 30ന് മുൻപ് പ്രഖ്യാപിച്ചു. ഈ വർഷം സംസ്ഥാനത്ത് ആദ്യമായി ഈ നേട്ടം കൈവരിക്കുന്ന സർവകലാശാലയാണ് എം.ജി.*

*ഈ വർഷം 84 പ്രോഗ്രാമുകളിലായി 5979 വിദ്യാർഥികളാണ് പരീക്ഷയെഴുതിയത്. മുൻ വർഷങ്ങളിൽ സെപ്റ്റംബർ, ഒക്ടോബർ മാസങ്ങളിലാണ് പിജി പ്രോഗ്രാമുകളുടെ ഫലപ്രഖ്യാപന നടപടികൾ പൂർത്തിയായിരുന്നത്. ഇതു മൂലം തുടർ പഠനവും ഗവേഷണവും നടത്തേണ്ട വിദ്യാർഥികൾക്ക് ഒരു വർഷം നഷ്ടമാകുന്ന സാഹചര്യമുണ്ടായിരുന്നു. ഈ സ്ഥിതി പരിഹരിക്കുന്നതിന് പരീക്ഷകളുടെ നടത്തിപ്പ് ചുമതലയുള്ള സിൻഡിക്കേറ്റ് സബ് കമ്മിറ്റിയുടെ നേതൃത്വത്തിൽ നടത്തിയ പ്രവർത്തനങ്ങളാണ് സമയബന്ധിതമായ ഫലപ്രഖ്യാപനത്തിന് വഴിതെളിച്ചത്.*

*പിജി പ്രോഗ്രാമുകളുടെ പ്രാക്ടിക്കൽ, വൈവ വോസി പരീക്ഷകൾ ജൂലൈ 18ന് പൂർത്തീകരിച്ചിരുന്നു. ഒൻപതു കേന്ദ്രങ്ങളിലായി ഉത്തരക്കടലാസുകളുടെ മൂല്യനിർണയം നടത്തി. മൂല്യനിർണയ നടപടികൾ  സിൻഡിക്കേറ്റ് സബ് കമ്മിറ്റി കൺവീനർ ഡോ. ജോജി അലക്സിന്റെയും പരീക്ഷാ കൺട്രോളർ ഡോ. സി.എം. ശ്രീജിത്തിന്റെയും മേൽനോട്ടത്തിൽ എല്ലാ ദിവസവും വിലയിരുത്തി. അവസാന ഫലം ജൂലൈ 29ന് പ്രസിദ്ധീകരിച്ചു.*

*യുജിസി നെറ്റ്-ജെആർഎഫ് യോഗ്യത നേടിയിട്ടുള്ള വിദ്യാർഥികൾക്ക് ഈ വർഷം തന്നെ പിഎച്ച്ഡിക്ക് ചേർന്നു പഠിക്കാൻ സാധിക്കും. കേരളത്തിനു പുറത്തുള്ള സർവകലാശാലകളിൽ ചേരാൻ ഉദ്ദേശിക്കുന്നവർക്കും വർഷം*

*നഷ്ടപ്പെടാതെ തുടർ പഠനം സാധ്യമാകും.*

*സിൻഡിക്കേറ്റ് അംഗങ്ങളുടെയും അധ്യാപകരുടെയും ജീവനക്കാരുടെയും കൂട്ടായ പരിശ്രമമാണ് അതിവേഗത്തിൽ ഫലപ്രഖ്യാപനം നടത്താൻ സഹായകമായതെന്ന് വൈസ് ചാൻസലർ ഡോ. സി.ടി. അരവിന്ദകുമാർ പറഞ്ഞു.*

*ഈ വർഷം അവസാന സെമസ്റ്റർ ബിരുദ പരീക്ഷ പൂർത്തിയായി തൊട്ടടുത്ത പ്രവൃത്തി ദിവസം ഫലം പ്രഖ്യാപിച്ച എം.ജി സർവകലാശാല നാലു വർഷ ബിരുദ പ്രോഗ്രാമുകളുടെ രണ്ടാം സെമസ്റ്റർ പരീക്ഷകളുടെ ഫലം മൂല്യനിർണയം പൂർത്തിയായതിന്റെ പിന്നേന്ന് പ്രസിദ്ധീകരിച്ചിരുന്നു.*

*(പി.ആർ.ഒ/39/1895/2025)*

## പിജി, ബിഎഡ്; ഒന്നാം സപ്ലിമെന്ററി അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു

*മഹാത്മാ ഗാന്ധി സർവകലാശാലുടെ അഫിലിയേറ്റഡ് കോളജുകളിൽ ബിരുദാനന്തര ബിരുദ, ബിഎഡ് പ്രോഗ്രാമുകളിൽ ഏകജാലക സംവിധാനം വഴി പ്രവേശനത്തിനുള്ള ഒന്നാം സപ്ലിമെന്ററി അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു.*

*അലോട്ട്മെന്റ് ലഭിച്ചവർ നിശ്ചിത സർവകലാശാലാ ഫീസ് ഓഗസ്റ്റ് അഞ്ചിന് വൈകുന്നേരം നാലിനു മുൻപ് ഓൺലൈനിൽ അടയ്ക്കണം. സ്ഥിര പ്രവേശനം എടുക്കുന്നവർ കോളജുകളിൽ നേരിട്ടെത്തി ട്യൂഷൻ ഫീസും അടയ്ക്കണം.*

*താത്കാലിക പ്രവേശനം എടുക്കുന്നവർ ഓൺലൈനിൽ ഇതിനുള്ള ഓപ്ഷൻ തിരഞ്ഞെടുക്കുമ്പോൾ ലഭിക്കുന്ന അലോട്ട്മെന്റ് മെമ്മോ നിശ്ചിത സമയപരിധിക്കുള്ളിൽ കോളജുകൾക്ക് ഇമെയിലിൽ നൽകിയാൽ മതിയാകും.*

*ഒന്നാം ഓപ്ഷനിൽ അലോട്ട്മെന്റ് ലഭിച്ചവർ സ്ഥിര പ്രവേശനം എടുക്കണം. നിശ്ചിത സമയപരിധിക്കു മുൻപ് സർവകലാശാലാ ഫീസ് അടയ്ക്കാത്തവരുടെയും ഫീസ് അടച്ചശേഷം അലോട്ട്മെന്റ് ഉറപ്പാക്കാത്തവരുടെയും അലോട്ട്മെന്റ് റദ്ദാകും.*

*പ്രവേശനം ഉറപ്പാക്കിയതിന്റെ തെളിവായി കൺഫർമേഷൻ സ്ലിപ്പ് ഡൗൺലോഡ് ചെയ്ത് സൂക്ഷിക്കണം. പ്രവേശനം സംബന്ധിച്ച് പരാതികളുണ്ടെങ്കിൽ സമർപ്പിക്കുന്നതിന് കൺഫർമേഷൻ സ്ലിപ്പ് ആവശ്യമാണ്.*

*ഭിന്നശേഷിക്കാർക്കായി സംവരണം ചെയ്ത സീറ്റുകളിലെയും കമ്മ്യൂണിറ്റി മെറിറ്റ് സീറ്റുകളിലെയും റാങ്ക് ലിസ്റ്റുകൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഈ ലിസ്റ്റുകളിൽ നിന്നുമുള്ള പ്രവേശനം ഓഗസ്റ്റ് 11നകം പൂർത്തീകരിക്കണം. താത്കാലിക പ്രവേശനമെടുക്കുന്നവർക്ക് ഓഗസ്റ്റ് ആറിന് ഓപ്ഷനുകൾ പുനഃക്രമീകരിക്കുന്നതിനും ഒഴിവാക്കുന്നതിനും അവസരമുണ്ടാകും.*

*(പി.ആർ.ഒ/39/1896/2025)*

## ഓണേഴ്സ് ബിരുദം; രണ്ടാം സപ്ലിമെൻററി അലോട്ട്മെന്റ്

*എം.ജി. സർവകലാശാലയുടെ അഫിലിയേറ്റഡ് കോളജുകളിൽ ഓണേഴ്സ് ബിരുദ പ്രവേശനത്തിനുള്ള രണ്ടാം സപ്ലിമെന്ററി അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു. ഒന്നാം സപ്ലിമെന്ററി അലോട്ട്മെന്റിൽ താത്കാലിക പ്രവേശനം എടുത്തവരും രണ്ടാം സപ്ലിമെന്ററി അലോട്ട്മെന്റ് ലഭിച്ചവരും ഇന്ന്(ഓഗസ്റ്റ് 2) വൈകുന്നേരം നാലിനു മുൻപ് സ്ഥിര പ്രവേശനം നേടണം. നിശ്ചിത സമയപരിധിക്കുള്ളിൽ സ്ഥിര പ്രവേശനം നേടാത്തവരുടെ അലോട്ട്മെന്റ് റദ്ദാകും.*

*(പി.ആർ.ഒ/39/1897/2025)*

## പരീക്ഷാ ഫലം

*മൂന്നാം സെമസ്റ്റർ എംഎസ്സി ക്ലിനിക്കൽ ന്യൂട്രിഷൻ ആന്റ് ഡയറ്റെറ്റിക്സ് (പിജിസിഎസ്എസ്, 2023 അഡ്മിഷൻ തോറ്റവർക്കുള്ള സ്പെഷ്യൽ റീഅപ്പിയറൻസ് ഏപ്രിൽ 2025) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും ഓഗസ്റ്റ് 15 വരെ ഓൺലൈനിൽ അപേക്ഷിക്കാം. വിശദ വിവരങ്ങൾ* studentportal.mgu.ac.in *എന്ന ലിങ്കിൽ.*

*(പി.ആർ.ഒ/39/1898/2025)*

## പരീക്ഷാ തീയതി

*മൂന്നാം സെമസ്റ്റർ ബി.ആർക്ക് (2014 മുതൽ 2018 അഡ്മിഷനുകൾ സപ്ലിമെന്ററി) പരീക്ഷകൾ ഓഗസ്റ്റ് 18 മുതൽ നടക്കും.*

............

*ആറാം സെമസ്റ്റർ ബിടെക്ക് (പുതിയ സ്കീം-2010 മുതലുള്ള അഡ്മിഷനുകൾ മെഴ്സി ചാൻസ്) പരീക്ഷകൾ ഓഗസ്റ്റ് 18 മുതൽ നടക്കും.*

*(പി.ആർ.ഒ/39/1899/2025)*

## പ്രാക്ടിക്കൽ

*നാലാം സെമസ്റ്റർ എംഎഡ് സ്പെഷ്യൽ എജ്യുക്കേഷൻ (ഇന്റലക്ചൽ ഡിസബിലിറ്റി 2023 അഡ്മിഷൻ റഗുലർ ജൂലൈ 2025) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷ ഓഗസ്റ്റ് 22ന് രാവിലെ 10ന് മൂവാറ്റുപുഴ നിർമല സദൻ ട്രെയിനിംഗ് കോളേജ് ഫോർ സ്പെഷ്യൽ എജ്യുക്കേഷനിൽ നടക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.*

......................................

*മൂന്നാം സെമസ്റ്റർ എംഎഡ് സ്പെഷ്യൽ എജ്യുക്കേഷൻ (ഇന്റലക്ച്വൽ ഡിസബിലിറ്റി 2024 അഡ്മിഷൻ റഗുലർ) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷ ഓഗസ്റ്റ് 22ന് ഉച്ചയക്ക് രണ്ടിന് മൂവാറ്റുപുഴ, നിർമല സദൻ ട്രെയിനിംഗ് കോളേജ് ഫോർ സ്പെഷ്യൽ എജ്യുക്കേഷനിൽ നടക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.*

*(പി.ആർ.ഒ/39/1900/2025)*

**പബ്ലിക് റിലേഷൻസ് ഓഫീസർ**